15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1572 — 07-02-2023 - ൽ മറുപടിയ്ക്ക്

# വില്ലേജുകളിൽ നിയോഗിച്ചിരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ശമ്പളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ റീസർവെ കഴിയാത്ത വില്ലേജുകളിൽ തണ്ടപ്പേരുകളുടെ ഡാറ്റാ എൻട്രിയിലെ തെറ്റ് തിരുത്തുന്നതിനും വിട്ടുപോയ തണ്ടപ്പേരുകൾ ചേർക്കുന്നതിനുമായി വില്ലേജുകളിലും കളക്ടറേറ്റിലുമായി നിയോഗിച്ചിരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് നാളിതുവരെ ശമ്പളം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പുനലൂർ താലൂക്കിൽ ഉൾപ്പെടെ ജില്ലയിലെ എത്ര വില്ലേജുകളിൽ ഇനിയും ഡാറ്റാ എൻട്രി പൂർത്തിയാക്കാനുണ്ട് എന്ന് അറിയിക്കാമോ; | (ബി) | കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ ഉൾപ്പെടെ, റീസർവ്വേ കഴിയാത്ത 9 വില്ലേജുകളിൽ ഡേറ്റാ എൻട്രി പൂർത്തിയാക്കാനുണ്ട്. |
| (സി) | പുനലൂർ താലൂക്കിലെ വിവിധ വില്ലേജുകളിൽ നിയോഗിച്ചിരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ശമ്പളം നൽകുന്നതിനുൾപ്പെടെ 14,77,000 രൂപയുടെ അലോട്ട്മെന്റ് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് ഉചിതമാർഗേണ ലഭ്യമാക്കിയ അപേക്ഷ കൈപ്പറ്റിയ തീയതിയും നാളിതുവരെ സ്വീകരിച്ച നടപടികളും അറിയിക്കാമോ? | (സി) | ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള വേതനം നൽകുന്നതിന് ആവശ്യമായി വരുന്ന 14,77,000/- രൂപ ലഭ്യമാക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർ 03-07-2022ൽ ഡി.സി.കെ.എൽ.എം./363/2018/ റെലിസ് അഡ്മിൻ നം. കത്ത് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകുകയും ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലലിൽ ശമ്പള ഇനത്തിൽ 14,77,000/- രൂപ കണക്കാക്കിയതിൽ വസ്തുതാപരമായി തെറ്റ് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം ഉപയോഗിച്ചുകൊണ്ട് ചെയ്തു തീർത്ത ജോലികളുടെ വിശദവിവരം ലഭ്യമാക്കുവാൻ 27.09.2022 ൽ ജില്ലാ കളക്ടർക്ക് കത്ത് നൽകി. ആയതിന് കൊല്ലം ജില്ലാ കളക്ടർ 24.12.2022 ൽ ലഭ്യമാക്കിയ മറുപടി പ്രകാരം, കൊല്ലം ജില്ലയിലെ ആകെയുള്ള 105 വില്ലേജുകളിൽ റീസർവ്വെ പൂർത്തിയായ 90 വില്ലേജുകളിലെ ഡേറ്റാ ഡിജിറ്റൈസേഷൻ പൂർത്തിയായിട്ടുള്ളതായും റീസർവ്വെ കഴിയാത്ത പുനലൂർ, പത്തനാപുരം താലൂക്കുകളിലെ 15 വില്ലേജുകളിൽ, ആദ്യ ഘട്ടത്തിൽ നടന്ന ഡേറ്റാ എൻട്രിയിൽ നിരവധിയായ തെറ്റുകൾ സംഭവിച്ചിട്ടുള്ളതിനാൽ, ഡേറ്റ മുഴുവനായും ഡിലീറ്റ് |

| | | | |
|---|---|---|---|
| | | | ചെയ്യുകയോ തിരുത്തകയോ ചെയ്യേണ്ട സാഹചര്യം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ നിലവിൽ വീണ്ടും ഡേറ്റാ എൻട്രി നടന്നു വരുന്നതായും ശമ്പള ഇനത്തിൽ ആവശ്യമായി വരുന്ന തുക, 14,77,000/- രൂപ എന്നത് 22,70,000/- രൂപ എന്ന് മാറ്റി ലഭ്യമാക്കിയിട്ടുള്ളതുമാണ്.<br><br>ജില്ലാ കളക്ടർ ലഭ്യമാക്കിയ പുതുക്കിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഫണ്ട് വിഹിതത്തിൽ നിന്നും 22,70,000/- രൂപ കൊല്ലം ജില്ലാ കളക്ടർക്ക് 30.01.2023 ൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ